**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1083** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ സൗജന്യ ജലവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് ജല അതോറിറ്റി സൗജന്യമായി ജലവിതരണം നടത്തുന്നത്; | (എ) | 15,000 ലിറ്ററിന് താഴെ പ്രതിമാസ ജല ഉപയോഗം ഉള്ള ബി.പി.എൽ ഉപഭോക്താക്കൾക്കാണ് കേരള വാട്ടർ അതോറിറ്റി സൗജന്യമായി ജലം നൽകി വരുന്നത്. |
| (ബി) | ഇപ്രകാരം ജലവിതരണം നടത്തുന്നതിന്റെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (ബി) | 06/2024 വരെ ബി.പി.എൽ ഉപഭോക്താക്കൾക്ക് സബ്സിഡി നൽകിയ ഇനത്തിൽ 138.21 കോടി രൂപ വാട്ടർ അതോറിറ്റിക്ക് നഷ്ടം വന്നിട്ടുണ്ട്. BPL സബ്സിഡിയ്ക്ക് തുല്യമായ തുക ഗ്രാന്റ് അനുവദിക്കുന്നതിനായി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ജല അതോറിറ്റിക്ക് ഈ ബാധ്യത ഏറ്റെടുക്കാൻ കഴിയാത്തതിനാൽ സൗജന്യ ജലവിതരണം തുടർന്ന് നടത്താൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ടോ; | (സി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടരുന്നതിനായി അടിയന്തര സഹായം ആവശ്യമാണെന്ന് ജല അതോറിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വാട്ടർ കണക്ഷൻ വിഛേദിക്കപ്പെടാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ഗ്രാമീണ മേഖലയിലെ 15,000 ലിറ്ററിന് താഴെ പ്രതിമാസ ജല ഉപയോഗം ഉള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി സൗജന്യമായാണ് ജലം നൽകി വരുന്നത്. ആയതിനാൽ ടി കണക്ഷനുകൾ വിച്ഛേദിക്കാറില്ല. |

സെക്ഷൻ ഓഫീസർ